കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B2/139/2025-SEC തീയതി: 31-07-2026

## ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

### I പ്രാരംഭം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് പ്രകാരം ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ കമ്മിറ്റി രൂപീകരിക്കുന്നതിന് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് **2026 ആഗസ്റ്റ് 17, 18, 19** തീയതികളിൽ നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെയും 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരവും തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുമാണ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

### II. വരാണാധികാരി

ജില്ലാ ആസൂത്രണ കമ്മിറ്റികളിലേയ്ക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വരണാധികാരികളായി അതത് ജില്ലകളിലെ ജില്ലാ കളക്ടർമാരെ സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 28/10/2025 ലെ 54/2025/സം.തി.ക നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

### III. അംഗസംഖ്യ

ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളായി ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും എണ്ണം 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടി ക്രമവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ട് 20/07/2026 ലെ സ.ഉ(സാധാ) നം. 1309/2026/LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം സംബന്ധിച്ച പട്ടിക **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്. അപ്രകാരമുള്ള **എണ്ണവും സംവരണക്രമവും** വരത്തക്ക വിധമാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

## IV. സമയക്രമം

ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് ചുവടെ ചേർക്കും വിധമാണ് കമ്മീഷൻ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം | : | **2026 ആഗസ്റ്റ് 17 (തിങ്കളാഴ്ച) രാവിലെ 11.00 മണി** |
| 2 | ജില്ലയിലെ മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം | : | **2026 ആഗസ്റ്റ് 18 (ചൊവ്വാഴ്ച) രാവിലെ 11.00 മണി** |
| 3 | ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം | : | **2026 ആഗസ്റ്റ് 19 (ബുധനാഴ്ച) രാവിലെ 11.00 മണി** |

(I) ആവശ്യമെങ്കിൽ മാത്രം ചേരേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം : **20/08/2026 രാവിലെ 11 മണി**

(II) ആവശ്യമെങ്കിൽ മാത്രം ചേരേണ്ട മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം : **21/08/2026 രാവിലെ 11 മണി**

(III) ആവശ്യമെങ്കിൽ മാത്രം വീണ്ടും ചേരേണ്ട ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം : **22/08/2026 രാവിലെ 11 മണി**

## V. യോഗനോട്ടീസ്

1. വരണാധികാരി യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിക്കുന്ന നോട്ടീസ് ജില്ലാ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും ജില്ലയിലെ മുനിസിപ്പൽ കൗൺസിലുകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും എല്ലാ കൗൺസിലർമാർക്കും ഏറ്റവും കുറഞ്ഞത് യോഗ തീയതിക്ക് ഏഴ് പൂർണ്ണദിവസങ്ങൾക്ക് മുൻപ് നൽകേണ്ടതാണ്.
2. നോട്ടീസിന്റെ ഒരു പകർപ്പ് വരണാധികാരിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും ജില്ലാ പഞ്ചായത്തിലേയും മുനിസിപ്പൽ കൗൺസിലുകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കേണ്ടതുമാണ്.
3. പൂർണ്ണ ദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും മറ്റ് അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗതീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്. (നോട്ടീസ് മാതൃക അനുബന്ധം 4, 5 ആയി ചേർത്തിട്ടുണ്ട്.)

## VI. സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം

1. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തെ ആ ജില്ലാ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരംഗം നാമനിർദ്ദേശം ചെയ്യേണ്ടതും വേറെയൊരു അംഗം പിന്താങ്ങേണ്ടതുമാണ്.
2. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നുള്ള തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ ആ മുനിസിപ്പാലിറ്റിയിലേയോ ജില്ലയിലെ മറ്റേതെങ്കിലും മുനിസിപ്പാലിറ്റിയിലേയോ തിരഞ്ഞടുക്കപ്പെട്ട മറ്റൊരു കൗൺസിലറും,
3. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നുള്ള തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കൗൺസിലറെ ആ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരു കൗൺസിലറും നിർദ്ദിഷ്ട ഫാറത്തിൽ നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരമുള്ള മറ്റൊരു കൗൺസിലർ അത് പിന്താങ്ങേണ്ടതുമാണ്.
4. എന്നാൽ, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയ്ക്ക് മറ്റൊരംഗത്തിന്റെ നാമനിർദ്ദേശമോ പിന്താങ്ങലോ ആവശ്യമില്ലാത്തതും അവർക്ക് സ്വയം നാമനിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതുമാണ്.
5. നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി യോഗത്തിൽ ഹാജരില്ലാത്ത സംഗതിയിൽ തിരഞ്ഞെടുക്കപ്പെട്ടാൽ ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ ഒരു അംഗമായി പ്രവർത്തിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ടുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിയുടെ രേഖാമൂലമുള്ള ഒരു സമ്മതപത്രം കൂടി നാമനിർദ്ദേശം ചെയ്യുന്ന ആൾ ഹാജരാക്കേണ്ടതാണ്.

## VII. നാമനിർദ്ദേശ പത്രികയുടെ ഫാറം

1. മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികകൾ നിശ്ചിത ഫാറത്തിൽ (മാതൃക **അനുബന്ധം 2** ആയി ചേർത്തിട്ടുണ്ട്) തിരഞ്ഞെടുപ്പ് യോഗം ആരംഭിക്കുന്നതിനു മുമ്പായി വരണാധികാരിക്ക് നൽകേണ്ടതാണ്.
2. യോഗം ആരംഭിച്ചതിനുശേഷം നാമനിർദ്ദേശഫാറങ്ങൾ വരണാധികാരി സ്വീകരിക്കരുത്.

3. മേൽ വിവരം തിരഞ്ഞെടുപ്പ് നോട്ടീസിൽ സൂചിപ്പിക്കേണ്ടതാണ്.

**VIII. തിരഞ്ഞെടുപ്പ് യോഗത്തിന്റെ ക്വാറം**

തിരഞ്ഞെടുപ്പ് യോഗത്തിന്റെ ക്വാറം വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി ആയിരിക്കുന്നതാണ്.

**IX. തിരഞ്ഞെടുപ്പ് യോഗവും, തിരഞ്ഞെടുപ്പ് രീതിയും**

1. യോഗം നോട്ടീസിൽ പറഞ്ഞിട്ടുള്ള കൃത്യസമയത്ത് തന്നെ ആരംഭിക്കേണ്ടതും അതിനായി വരണാധികാരി മുൻക്കൂട്ടി യോഗ ഹാളിൽ ഹാജരായിക്കേണ്ടതുമാണ്.
2. വിളിച്ചു ചേർക്കപ്പെടുന്ന തിരഞ്ഞെടുപ്പുയോഗങ്ങൾ സുഗമമായും സുരക്ഷിതമായും നടത്തുന്നതിനുവേണ്ട എല്ലാ മുന്നൊരുക്കങ്ങളും, തയ്യാറെടുപ്പുകളും, നടപടികളും വരണാധികാരി സ്വീകരിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പ് രീതി, ബാലറ്റിന്റെ രഹസ്യാത്മകത, വോട്ടെടുപ്പ് രീതി, വോട്ടെണ്ണൽ എന്നിവ സംബന്ധിച്ച് ആരംഭത്തിൽ വരണാധികാരി യോഗത്തെ അറിയക്കേണ്ടതാണ്.
4. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെടുകയും പിൻതാങ്ങപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാനാർത്ഥിക്ക് ആ യോഗത്തിൽ വച്ച് തന്നെ തന്റെ സ്ഥാനാർത്ഥിത്വം രേഖാമൂലം പിൻവലിക്കാവുന്നതാണ്. അപ്രകാരം സ്ഥാനാർത്ഥിത്വം പിൻവലിച്ചുകൊണ്ടുള്ള ഒപ്പുവച്ച പിൻവലിക്കൽപത്രം വരണാധികാരിക്ക് കൈമാറാവുന്നതുമാണ്.
5. ജില്ലാ പഞ്ചായത്തംഗമായോ മുനിസിപ്പൽ കൗൺസിലറായോ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തിട്ടില്ലാത്ത ഏതൊരു വ്യക്തിയും ചട്ടപ്രകാരം ജില്ലാ ആസൂത്രണകമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനോ വോട്ടുചെയ്യാനോ പാടില്ലാത്തതാണ്.
6. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെടുകയും പിന്താങ്ങുകയും എന്നാൽ സ്ഥാനാർത്ഥിത്വം പിൻവലിക്കപ്പെടാതിരിക്കുകയും ചെയ്തിട്ടുള്ള എല്ലാ സ്ഥാനാർത്ഥികളുടേയും പേരുകൾ വരണാധികാരി യോഗത്തിൽ വായിച്ച് അറിയിക്കേണ്ടതാണ്.
7. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വിളിച്ചുകൂട്ടുന്ന യോഗത്തിൽ ക്രമപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും
8. തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

X. **ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെപ്പറയുന്ന ക്രമത്തിലായിരിക്കേണ്ടതാണ്.**

1. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക്
2. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനങ്ങളിലേയ്ക്ക്.
3. സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനങ്ങളിലേയ്ക്ക്
4. സംവരണം ചെയ്യപ്പെടാത്ത (ജനറൽ) മറ്റ് സ്ഥാനങ്ങളിലേയ്ക്ക്.
5. മേൽപ്പറഞ്ഞ പ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്ക് അർഹയായ ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്ത സംഗതിയിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ മറ്റ് സംവരണ സ്ഥാനങ്ങളിലേയ്ക്ക് (ജനറൽ സ്ഥാനങ്ങളൊഴികെ) തിരഞ്ഞെടുപ്പ് നടത്തേണ്ടതും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീയെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് താഴെ 8-ാം ഖണ്ഡികയിൽ പറയുന്ന രീതിയിലും സമയത്തും നടത്തേണ്ടതുമാണ്.
6. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്കുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായി പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ജില്ലാ പഞ്ചായത്തിലെ ഒരു സ്ത്രീ അംഗം ഇല്ലാത്ത സംഗതിയിൽ, ആ സ്ഥാനത്തേയ്ക്ക് താഴെപ്പറയുന്ന പ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്.

   (എ) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു സ്ത്രീ മുനിസിപ്പൽ കൗൺസിലറെ അഥവാ

   (ബി) (എ) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ മുനിസിപ്പൽ കൗൺസിലർ ഇല്ലാത്തപക്ഷം, പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപെട്ട രണ്ടാമതൊരു ജില്ലാപഞ്ചായത്ത് അംഗത്തെ, അഥവാ

   (സി) (ബി) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായ ഇപ്രകാരമൊരു ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്തപക്ഷം, പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ,

7. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീ സ്ഥാനത്തേയ്ക്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ഒരു ജില്ലാ പഞ്ചായത്തംഗമോ ഒരു മുനിസിപ്പൽ

കൗൺസിലറോ (ബി), (സി) എന്നിവ പ്രകാരം തിരഞ്ഞെടുക്കപ്പെടുകയും ആ വ്യക്തി ഒരു സ്ത്രീയല്ലാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ സ്ത്രീസംവരണത്തിന്റെ കുറവ് നികത്തുന്നതിനായി ഒരു സ്ത്രീ ജില്ലാപഞ്ചായത്ത് അംഗത്തെ കൂടി ജനറൽ വിഭാഗത്തിനുള്ള എണ്ണത്തിൽ ഉൾപ്പെടുത്തി അധികമായി തിരഞ്ഞെടുക്കേണ്ടതാണ്.

8. മേൽപ്പറഞ്ഞ പ്രകാരം **17/08/2026** ൽ നടത്തുന്ന ജില്ലാ പഞ്ചായത്തിലെ അംഗങ്ങളുടെ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ നിന്നും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയെ തിരഞ്ഞെടുക്കപ്പെടുവാൻ അർഹയായി ആരും ഇല്ലാതെ, അതിനു കഴിയാതെവരുന്ന സാഹചര്യത്തിൽ മറ്റ് സംവരണ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതും അടുത്തദിവസം 18/08/2026-ൽ നടത്തുന്ന മുനിസിപ്പൽ കൗൺസിലർമാരുടെ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ നിന്ന് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ കൗൺസിലറെ കൂടി അധികമായി തിരഞ്ഞെടുക്കേണ്ടതും തുടർന്ന് **20/08/2026, 11 മണിക്ക്** ജില്ലാ പഞ്ചായത്തംഗങ്ങളുടെ യോഗം ചേർന്ന് **17.08.2026-ൽ** മാറ്റിവെച്ച ജനറൽ വിഭാഗം സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. എന്നാൽ അപ്രകാരവും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ കൗൺസിലറെ തിരഞ്ഞെടുക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം വീണ്ടും അതത് സംഗതിപോലെ **20/08/2026 രാവിലെ 11 മണിക്ക്** തന്നെ ചേരേണ്ടതും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട രണ്ടാമതൊരു ജില്ലാ പഞ്ചായത്ത് അംഗത്തെ കൂടി തിരഞ്ഞെടുക്കേണ്ടതുമാണ്. *തുടർന്ന് ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്ന് ജനറൽ വിഭാഗം സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതും* അതിലെ ഒരു സ്ഥാനത്ത് സ്ത്രീ ജില്ലാ പഞ്ചായത്ത് അംഗത്തെ ഉൾപ്പെടുത്തി 7-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

എന്നാൽ മേൽപറഞ്ഞപ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ജില്ലാപഞ്ചായത്ത് അംഗത്തെ തിരഞ്ഞെടുക്കുന്നതിന് അർഹമായ ജില്ലാ പഞ്ചായത്തംഗം *ഇല്ലാത്തപക്ഷം ജില്ലാപഞ്ചായത്ത് ജനറൽ വിഭാഗം അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാറ്റി വയ്ക്കേണ്ടതും* തുടർന്ന് മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം **21/08/2026, 11 മണിയ്ക്ക്** വീണ്ടും വിളിച്ചുചേർത്ത് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട മുനിസിപ്പൽ കൗൺസിലറെ കൂടി അതിൽനിന്നും തിരഞ്ഞെടുക്കേണ്ടതുമാണ്. അതിനെ *തുടർന്ന് ജില്ലാ പഞ്ചായത്തിലെ ജനറൽ വിഭാഗം അംഗങ്ങളുടെ (ഒരു സ്ത്രീ പ്രാതിനിധ്യം ഉൾപ്പെടെ) തിരഞ്ഞെടുപ്പ് നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം 22/08/2026 ന് **രാവിലെ 11 മണിയ്ക്ക്** വിളിച്ച്*

*<u>ചേർക്കേണ്ടതാണ്.</u>* ഇപ്രകാരം തിരഞ്ഞെടുപ്പുകൾ നടത്തേണ്ട സാഹചര്യമുണ്ടെങ്കിൽ അതിലേയ്ക്ക് യോഗം ചേരുന്ന വിവരം കൂടി വരണാധികാരി മുൻകൂട്ടി നോട്ടീസിൽ സൂചിപ്പിക്കേണ്ടതാണ്.

## XI. വോട്ടെടുപ്പ് നടപടിക്രമം

1. നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ എണ്ണം അതാത് വിഭാഗത്തിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലാണെങ്കിൽ ഹാജരായിട്ടുള്ള അംഗങ്ങൾ/ കൗൺസിലർമാർ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റകൈമാറ്റവോട്ടുമൂലം അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്. (ബാലറ്റ് പേപ്പറിന്റെ മാതൃക 3 -ാം അനുബന്ധമായി ചേർത്തിട്ടുണ്ട്.)
2. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ എണ്ണവും ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ അതത് വിഭാഗത്തിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും തുല്യമാണെങ്കിൽ എല്ലാ സ്ഥാനാർത്ഥികളും യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്.
3. എന്നാൽ യഥാവിധി സ്ഥാനാർത്ഥികളുടെ എണ്ണം ഓരോ വിഭാഗത്തിലും ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി സ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രത്യേകമായി വിളിച്ച് കൂട്ടുന്ന അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വയ്ക്കേണ്ടതുമാണ്.

## XII. വോട്ടുകൾ രേഖപ്പെടുത്തേണ്ട രീതി

1. തിരഞ്ഞെടുപ്പിൽ വോട്ടുകൾ രേഖപ്പെടുത്തേണ്ട രീതിയും വോട്ടെണ്ണലും ഫലപ്രഖ്യാപനവും 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിലെ (28/04/2016 ലെ സ.ഉ. (അച്ചടി) നമ്പർ 21/2016 തസ്വഭവ നമ്പർ വിജ്ഞാപനം പ്രകാരം ഭേദഗതി വരുത്തിയത്) 11-ാം ചട്ടപ്രകാരമായിരിക്കേണ്ടതാണ്. അവ താഴെ വിശദമാക്കുന്നു.
2. വോട്ടെടുപ്പ് വരണാധികാരിയുടെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ ആഗ്രഹിക്കുന്ന ഓരോ ജില്ലാ പഞ്ചായത്ത് അംഗത്തിനും അല്ലെങ്കിൽ മുനിസിപ്പാലിറ്റി കൗൺസിലർക്കും വരണാധികാരി മേൽ ചട്ടപ്രകാരം അനുബന്ധം 3 ആയി ചേർത്തിട്ടുള്ള ഒരു ബാലറ്റ് പേപ്പർ നൽകേണ്ടതും ബാലറ്റ് പേപ്പറിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടേയും പേരുകളും അതിന്റെ

മറുപുറത്ത് വരണാധികാരിയുടെ ഒപ്പും മുദ്രയും ഉണ്ടായിരിക്കേണ്ടതുമാണ്.

4. വോട്ട് രേഖപ്പെടുത്തൽ രഹസ്യമായിരിക്കേണ്ടതാണ് (രഹസ്യ ബാലറ്റ്)
5. വോട്ട് രഹസ്യമായി രേഖപ്പെടുത്തുന്നതിന് ഒരു പ്രത്യേക സ്ഥലം യോഗഹാളിൽ വരണാധികാരി ഒരുക്കേണ്ടതാണ്.
6. അതതു സംഗതിപോലെ, ഓരോ ജില്ലാ പഞ്ചായത്ത് അംഗവും അല്ലെങ്കിൽ ഓരോ കൗൺസിലറും ബാലറ്റ് പേപ്പർ കിട്ടിയാലുടൻ വോട്ട് രേഖപ്പെടുത്താനുള്ള പ്രത്യേക സ്ഥലത്തേയ്ക്ക് നീങ്ങേണ്ടതും ബാലറ്റ് പേപ്പറിൽ, എത്ര സ്ഥാനാർത്ഥികളാണോ തിരഞ്ഞെടുക്കപ്പെടേണ്ടത് അത്രയും സ്ഥാനാർത്ഥികളുടെ പേരിനു നേരേ ഓരോരുത്തർ ക്കും **താൻ നൽകുന്ന മുൻഗണന ഒന്ന്, രണ്ട്, മൂന്ന് എന്നീ ക്രമത്തിൽ വ്യക്തമായി എഴുതി വോട്ട് രേഖപ്പെടുത്തേണ്ടതാണ്.**
7. ഓരോ ജില്ലാ പഞ്ചായത്ത് അംഗവും അല്ലെങ്കിൽ ഓരോ കൗൺസിലറും തിരഞ്ഞെടുക്കപ്പെടേണ്ട ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തിന് തുല്യമായ മുൻഗണനകൾ ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തേണ്ടതും, എന്നാൽ അപ്രകാരമുള്ള എല്ലാ മുൻഗണനകളും രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ ഏതെങ്കിലും ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കാൻ പാടില്ലാത്തതുമാകുന്നു.
8. വോട്ട് രേഖപ്പെടുത്തിയശേഷം വോട്ട് മറയത്തക്കവിധം ബാലറ്റ് പേപ്പർ മടക്കേണ്ടതും വരണാധികാരിക്ക് പൂർണ്ണമായി കാണാവുന്ന സ്ഥാനത്ത് വച്ചിട്ടുള്ള പെട്ടിയിൽ അത് നിക്ഷേപിക്കേണ്ടതുമാണ്.

## XIII. വോട്ടുകളുടെ അസാധു, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം

1. ബാലറ്റ് പേപ്പർ നൽകപ്പെട്ട ഓരോ ജില്ലാ പഞ്ചായത്ത് അംഗവും അല്ലെങ്കിൽ ഓരോ കൗൺസിലറും, അതതു സംഗതിപോലെ, വോട്ട് ചെയ്യുന്നതിന്റെ രഹസ്യ സ്വഭാവം ലംഘിക്കുകയാണെങ്കിൽ അയാൾക്ക് നൽകപ്പെട്ട ബാലറ്റ് പേപ്പർ വരണാധികാരി തിരിച്ചു വാങ്ങേണ്ടതും അതിന്റെ മറുപുറത്ത് **"റദ്ദാക്കി: വോട്ടു ചെയ്യുന്നതിന്റെ രഹസ്യ സ്വഭാവം ലംഘിച്ചു"** എന്ന് രേഖപ്പെടുത്തി അതിന്റെ താഴെ ഒപ്പിടേണ്ടതുമാണ്.
2. മേൽ ചട്ടപ്രകാരം റദ്ദാക്കിയ ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് കണക്കിലെടുക്കാൻ പാടില്ലാത്തതും അത്തരം ബാലറ്റ് പേപ്പർ പ്രത്യേകം കവറിൽ സൂക്ഷിക്കേണ്ടതുമാണ്.
3. വോട്ടെടുപ്പ് പൂർത്തിയായശേഷം വരണാധികാരി, ഹാജരുള്ള സ്ഥാനാർത്ഥികളുടെയും സമ്മതിദായകരുടെയും സാന്നിദ്ധ്യത്തിൽ ബാലറ്റ് പെട്ടി തുറന്ന് അതിലെ ബാലറ്റ്

പേപ്പറുകൾ പുറത്തെടുത്ത് ചട്ടപ്രകാരം വോട്ടുകൾ എണ്ണേണ്ടതാണ്.

4. ഒരു സ്ഥാനാർത്ഥിക്കും വോട്ട് രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിന് നേരെ ഒന്നിലധികം മുൻഗണന നൽകി വോട്ടുരേഖപ്പെടുത്തിയിട്ടുള്ളതോ, വോട്ട് ചെയ്ത സമ്മതിദായകന്റെ ഒപ്പോ എഴുത്തോ സമ്മതിദായകനെ തിരിച്ചറിയാനുതകുന്ന ഏതെങ്കിലും അടയാളമോ രേഖപ്പെടുത്തിയിട്ടുള്ളതോ ആയ ബാലറ്റ് പേപ്പറുകൾ അസാധുവായി കണക്കാക്കേണ്ടതും അവ പ്രത്യേകം കവറിൽ സൂക്ഷിക്കേണ്ടതുമാണ്.

5. റദ്ദാക്കിയതോ അസാധുവായി കണക്കാക്കപ്പെട്ടതോ ഒഴിച്ചുള്ള ബാലറ്റ് പേപ്പറുകൾ എണ്ണി തിരഞ്ഞെടുപ്പ് ഫലം താഴെപ്പറയുന്ന രീതിക്കനുസൃതമായി പ്രഖ്യാപിക്കേണ്ടതാണ്, അതായത്:-

(എ) വോട്ടെണ്ണിയതിൽ ഏറ്റവും കൂടുതൽ ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ നേടിയ, ഒഴിവുള്ള സ്ഥാനങ്ങൾക്ക് തുല്യമായ എണ്ണം സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്;

(ബി) മേൽ (എ) ഖണ്ഡപ്രകാരം വോട്ടെണ്ണിയതിൽ, രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ തുല്യമായിരിക്കുകയും അവരിൽനിന്ന് ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായി വരികയും ചെയ്യുമ്പോൾ അതതു സ്ഥാനാർത്ഥികൾക്ക് ലഭിച്ച ഒന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകളുടെ കൂടെ രണ്ടാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ കൂടി ചേർത്ത്, അപ്രകാരമുള്ള മൊത്തം വോട്ടുകൾ ഏറ്റവും കൂടുതൽ നേടിയ സ്ഥാനാർത്ഥി അല്ലെങ്കിൽ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്;

(സി) (ബി) ഖണ്ഡപ്രകാരം വോട്ടെണ്ണിയതിൽ, രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് മൊത്തം മുൻഗണനാ വോട്ടുകൾ തുല്യമായിരിക്കുകയും അവരിൽനിന്നും ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായി വരികയും ചെയ്യുമ്പോൾ, അതതു സ്ഥാനാർത്ഥികൾക്കു ലഭിച്ച ഒന്നും രണ്ടും മുൻഗണനാ വോട്ടുകളോടുകൂടെ, മൂന്നാം മുൻഗണന രേഖപ്പെടുത്തിയ വോട്ടുകൾ കൂടി ചേർത്ത്, അപ്രകാരമുള്ള മൊത്തം വോട്ടുകൾ ഏറ്റവും കൂടുതൽ നേടിയ സ്ഥാനാർത്ഥി അല്ലെങ്കിൽ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്;

(ഡി) (സി) ഖണ്ഡപ്രകാരം വോട്ടെണ്ണിയതിൽ, രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് മൊത്തം മുൻഗണനാ വോട്ടുകൾ തുല്യമായിരിക്കുകയും അവരിൽനിന്നും ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതായും വരികയാണെങ്കിൽ മേൽ ഖണ്ഡികയിൽ പറഞ്ഞപ്രകാരം വോട്ടെണ്ണൽ നടത്തേണ്ടതും ഒഴിവുള്ള എല്ലാ സ്ഥാനങ്ങളിലേയ്ക്കും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതുവരെ അപ്രകാരം വോട്ടെണ്ണൽ തുടരേണ്ടതുമാണ്;

(ഇ) (ഡി) ഖണ്ഡപ്രകാരം വോട്ടെണ്ണിയതിൽ ഒരു സ്ഥാനം മാത്രം അവശേഷിക്കെ ഒന്നിലധികം സ്ഥാനാർത്ഥികൾക്ക് മൊത്തം വോട്ടുകൾ തുല്യമായി വരികയാണെങ്കിൽ, ആ സ്ഥാനം നികത്തുന്നതിനു വേണ്ടി യോഗത്തിൽ വച്ച് നറുക്കെടുപ്പ് നടത്തേണ്ടതും അപ്രകാരമുള്ള സ്ഥാനാർത്ഥികളിൽനിന്നും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കുന്നത്, ആ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.

**കുറിപ്പ്:** - ചട്ടപ്രകാരം മുൻഗണനാ വോട്ടുകൾ എണ്ണുമ്പോൾ, ഒരു സ്ഥാനാർത്ഥിക്ക് ഒന്നാം മുൻഗണനാ വോട്ടുകളൊന്നും ലഭിച്ചിട്ടില്ലെങ്കിൽ, ഒന്നാം മുൻഗണനാ വോട്ടുകളുടെ എണ്ണം പൂജ്യം എന്നും, രണ്ടാം മുൻഗണനാ വോട്ടുകളൊന്നും ലഭിച്ചിട്ടില്ലെങ്കിൽ രണ്ടാം മുൻഗണനാ വോട്ടുകളുടെ എണ്ണം പൂജ്യം എന്നുമുള്ള ക്രമത്തിൽ മൊത്തം വോട്ടുകൾ കണക്കാക്കേണ്ടതാണ്.

### XIV. തിരഞ്ഞെടുപ്പ് ഫലം റിപ്പോർട്ട് ചെയ്യൽ

ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേരുവിവരം തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ, വരണാധികാരി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ **അനുബന്ധം-6** പ്രഫോർമയിൽ അറിയിക്കണം. അതുപോലെ സർക്കാരിനെയും അതത് ജില്ലാ കളക്ടറേയും തിരഞ്ഞെടുക്കപ്പെട്ട ആൾ അംഗമായിരിക്കുന്ന, ജില്ലാ പഞ്ചായത്തിന്റെ അല്ലെങ്കിൽ കൗൺസിലർ ആയിരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ/മുനിസിപ്പൽ കോർപ്പറേഷന്റെ സെക്രട്ടറിയേയും അറിയിക്കേണ്ടതാണ്.

### XV. രേഖകളുടെ സൂക്ഷിപ്പും തിരഞ്ഞെടുപ്പ് മിനിറ്റ്സും

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ വരണാധികാരി, ഓരോ ഘട്ടത്തിലും നടന്ന തിരഞ്ഞെടുപ്പിന്റെ രേഖകൾ പ്രത്യേകം പ്രത്യേകം കവറുകളിലാക്കി മുദ്രവച്ച് ജില്ലാ ആസൂത്രണ കമ്മിറ്റി സെക്രട്ടറിയുടെ (ജില്ലാ കളക്ടർ) സൂക്ഷിപ്പിൽ ഏൽപ്പിക്കേണ്ടതും തിരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടത്തിലുമുള്ള നടപടികളും ഫലവും വിശദമായി കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കിൽ

രേഖപ്പെടുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Digitally signed by
SAJEEV E P
Date: 31-07-2026
12:19:20

Sajeev EP
SECRETARY

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

JS(P)/SEC